കേരള സർക്കാർ

ഭരണഭാഷ – മാതൃഭാഷ

DFTVM/1463/2025-N2

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി:09-05-2025
ഇ-മെയിൽ:fisheriesdirector@gmail.com

## Expression of Interest(താല്പര്യ പത്രം)

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രത്യേക പരിശീലന
പരിപാടികളായ റസിഡൻഷ്യൽ മെഡിക്കൽ എന്ട്രൻസ് പരിശീലനം/ഐ.ഐ.ടി/എൻ.ഐ.ടി
പരിശീലനം എന്നിവയിൽ 2025-26 വർഷത്തിൽ ഫിഷറീസ് വകുപ്പുമായി ചേർന്ന് പരിശീലനം
നൽകുന്നതിനു താല്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുന്നു. അതാത്
മേഖലകളിൽ 5 വർഷത്തെ പ്രവർത്തന പരിചയം ഉള്ള സ്ഥാപനങ്ങൾക്കാണ് താത്പര്യപത്രം
സമർപ്പിക്കുന്നതിന് അർഹത. പഠന പശ്ചാത്തല സൗകര്യങ്ങൾ, താമസ സൗകര്യം, ഫീസ്,
ഫാക്കൽറ്റി വിവരങ്ങൾ എന്നിവയും അവസാന 3 വർഷത്തെ വിജയ വിവരങ്ങളും ഉൾപ്പെടുത്തിയാണ്
പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്. പ്രൊപ്പോസൽ സ്വീകരിക്കുന്ന അവസാന തീയതി 30/05/2025 3pm
വരെയാണ്. അന്നേ ദിവസം 3 pm ന് ഹാജരുള്ള സ്ഥാപനങ്ങൾ/പ്രതിനിധികളുടെ സാന്നിധ്യത്തിൽ
പ്രൊപ്പോസൽ തുറന്ന് പരിശോധിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വികാസ് ഭവനിൽ
പ്രവർത്തിക്കുന്ന ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.
ഫോൺ നം. 0471-2305042

വിശ്വസ്തതയോടെ,
SMITHA R NAIR
ADDITIONAL DIRECTOR OF FISHERIES
ഫിഷറീസ് ഡയറക്ടർക്കു വേണ്ടി.

Signed by
Smitha. R. Nair
Date: 09-05-2025 15:59:57

സ്വീകരിക്കുന്നതിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

PADMINI K S
SENIOR ADMINISTRATIVE OFFICER
ഫിഷറീസ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം – മേൽ പറഞ്ഞവ

Signed by
Padmini K S
Date: 10-05-2025 22:20:57